- പാലക്കാട്, ഷൊർണ്ണൂർ, കൊച്ചുവേളി, മഞ്ചേരി എന്നിവിടങ്ങളിൽ നിലവിലുള്ള വ്യവസായ ഭൂമിയിൽ ബഹുനില വ്യവസായ സമുച്ചയം നിർമ്മിക്കുവാനായി കേന്ദ്ര സഹായമായി 9 കോടി രൂപയും സൂക്ഷ്മ -ചെറുകിട സംരംഭങ്ങളുടെ ക്ലസ്റ്റർ വികസന പദ്ധതിക്കായി 41.19 കോടി രൂപയുടെ പദ്ധതികൾക്കും അംഗീകാരം ലഭിച്ചിട്ടുണ്ട്.

- കേന്ദ്ര സർക്കാരിന്റെ നാഷണൽ ബാംബൂ മിഷനിൽ നിന്നും മുള അനുബന്ധ മേഖലയുടെ ഉന്നമനത്തിനായി സംസ്ഥാന ബാംബൂ മിഷന് 4.1728 കോടി രൂപയുടെ നിക്ഷേപം നേടിയെടുക്കുവാൻ കഴിഞ്ഞിട്ടുണ്ട്.

റിവൈവൽ റിഫോംസ് റീസ്ട്രക്ചറിംഗ് പാക്കേജ്

117(2155) ശ്രീ. ടി. എൻ. പ്രതാപൻ :
ശ്രീ. എ. റ്റി. ജോർജ് :
ശ്രീ. ലൂഡി ലൂയിസ് :
ശ്രീ. സണ്ണി ജോസഫ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും വിവരസാങ്കേതികവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ പൊതുമേഖലാ സ്ഥാപനങ്ങൾക്കായി റിവൈവൽ റിഫോംസ് റീസ്ട്രക്ചറിംഗ് പാക്കേജ് (Revival Reforms Restructuring package) നടപ്പാക്കിയിട്ടുണ്ടോ;

(ബി) എന്തെല്ലാം ഉദ്ദേശ്യലക്ഷ്യങ്ങളാണ് ഇത് വഴി കൈവരിക്കാനുദ്ദേശിക്കുന്നത്;

(സി) ഇത് നടപ്പാക്കാൻ ഭരണതലത്തിൽ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട്?

ഉത്തരം

(എ) ഉണ്ട്. വ്യവസായ വകുപ്പിന്റെ അധീനതയിലുള്ള പൊതുമേഖലാ സ്ഥാപനങ്ങളുടെ പ്രവർത്തനം മെച്ചപ്പെടുത്തുന്നതിന്റെ ഭാഗമായി നഷ്ടത്തിൽ പ്രവർത്തിക്കുന്ന സ്ഥാപനങ്ങളെ ലാഭകരമാക്കുന്നതിനും മറ്റുള്ളവയുടെ പ്രവർത്തനം കൂടുതൽ ശക്തിപ്പെടുത്തുന്നതിനും വേണ്ടി ഓരോ സ്ഥാപനങ്ങൾക്കും അനുയോജ്യമായ റിവൈവൽ, റിഫോം, റീസ്ട്രക്ചറിംഗ് പദ്ധതികൾ നടപ്പിലാക്കിവരികയാണ്.

(ബി) പൊതുമേഖലാ സ്ഥാപനങ്ങളിൽ കാലപ്പഴക്കം ചെന്ന മെഷിനറികളുടെ നവീകരണം, ഉൽപ്പാദന സംവിധാനങ്ങളിൽ ആധുനികമായ സാങ്കേതിക വിദ്യകൾ നടപ്പിലാക്കുക, ഉൽപ്പന്നങ്ങളുടെ വൈവിദ്ധ്യവത്കരണം, മൂല്യവർദ്ധിത ഉൽപ്പന്നങ്ങൾ, സ്ഥാപനങ്ങളുടെ മത്സരക്ഷമത വർദ്ധിപ്പിക്കുക എന്നിവയാണ് ഈ പദ്ധതിയിലൂടെ ലക്ഷ്യമിടുന്നത്.

LIBRARY ARCHIVES Kerala Legislative Assembly

(സി) പൊതുമേഖലാ സ്ഥാപനങ്ങൾ നവീകരണത്തിന്റെയും പുനരുദ്ധാരണത്തിന്റെയും ഭാഗമായി റിയാബ് മുഖേന സമർപ്പിക്കുന്ന പാക്കേജുകൾ വർക്കിംഗ് ഗ്രൂപ്പും സ്പെഷ്യൽ വർക്കിംഗ് ഗ്രൂപ്പ് തലത്തിലും സർക്കാരിൽ പരിശോധിച്ച് അംഗീകാരം നൽകി ആവശ്യമായ ധനസഹായം നൽകിവരുന്നു. ഇവയുടെ പ്രവർത്തന പുരോഗതി പൊതുമേഖലാ വ്യവസായ പുനഃസംഘടന ബോർഡ് (റിയാബ്) മുഖേന സർക്കാർ തലത്തിൽ അവലോകനം നടത്തി ആവശ്യമായ മാർഗ്ഗനിർദ്ദേശങ്ങൾ നൽകിവരുന്നു. ഈ സർക്കാർ അധികാരത്തിൽ വന്നതിനു ശേഷം ഇത്തരത്തിൽ പൊതു മേഖലാസ്ഥാപനങ്ങളുടെ പ്രവർത്തനം ശക്തിപ്പെടുത്തുന്നതിന്റെ ഭാഗമായി നടപ്പിലാക്കേണ്ട ദീർഘ/ഹ്രസ്വകാല പദ്ധതികൾക്ക് ഇതുവരെ ഏകദേശം 880 കോടിയോളം രൂപ അനുവദിച്ചിട്ടുണ്ട്.

സിഡ്കോയിലെ ശമ്പള പരിഷ്കരണം

118(2156) ശ്രീ. എസ്. രാജേന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും വിവരസാങ്കേതികവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പൊതുമേഖലാ സ്ഥാപനമായ കേരള സിഡ്കോയിൽ ശമ്പള പരിഷ്കരണം നടപ്പിലാക്കുമോ; അവസാനമായി ശമ്പള പരിഷ്കരണം നടപ്പിലാക്കിയതെന്ന് ; പ്രസ്തുത ഉത്തരവിന്റെ പകർപ്പ് ലഭ്യമാക്കുമോ ;

(ബി) സർക്കാർ ജീവനക്കാരുടെ ശമ്പളവും സിഡ്കോയിലെ ജീവനക്കാരുടെ ശമ്പളവും തമ്മിലുള്ള അന്തരം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) 2003-ന് ശേഷം വർക്കർമാരുടെ ശമ്പളം വർദ്ധിപ്പിച്ചിട്ടില്ല എന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഇതു സംബന്ധിച്ച് തൊഴിലാളി സംഘടനകൾ നിവേദനം നൽകിയിട്ടുണ്ടോ; വിശദാംശം വെളിപ്പെടുത്താമോ ?

ഉത്തരം

(എ) 23-5-2015-ലെ ജി.ഒ. (എം. എസ്.)73/15/ഐ.ഡി. പ്രകാരം സിഡ്കോയിൽ ശമ്പള പരിഷ്കരണം നടപ്പിലാക്കിയിട്ടുണ്ട്. പ്രസ്തുത ഉത്തരവിന്റെ പകർപ്പ് അനുബന്ധമായി ചേർക്കുന്നു.*

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly